# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5676 03-11-2016-ൽ മറുപടിയ്ക്ക്

## 'പഠനമുറി' പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടിക വിഭാഗ വിദ്യാർത്ഥികൾക്ക് നടപ്പാക്കുന്ന 'പഠനമുറി' പദ്ധതിക്ക് എന്തൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് തുകയനുവദിക്കുന്നത് ; പദ്ധതിയുടെ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ; | എ) | പട്ടികജാതി വിദ്യാർത്ഥികൾക്കായി 'പഠനമുറി' പദ്ധതി നടപ്പിലാക്കുമ്പോൾ താഴെപ്പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്.<br>1) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന VIII, IX, X ക്ലാസുകളിലെ പഠനത്തിൽ മികവുള്ള വിദ്യാർത്ഥികൾ ആയിരിക്കണം.<br>2) വിദ്യാർത്ഥികളുടെ കുടുംബവാർഷിക വരുമാനം 1,00,000/- രൂപ വരെ ആയിരിക്കണം<br>3) മറ്റ് ഏജൻസികൾ വഴി ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിക്കാത്തവരായിരിക്കണം<br>4) മാതാപിതാക്കൾ നഷ്ടപ്പെട്ടവർ, വിധവകളുടെ മക്കൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങൾക്ക് മുൻഗണന ലഭിക്കും.<br>5) പഠന മികവ് |

| | | | |
|---|---|---|---|
| | | | വീടിനോട് ചേർന്ന് 120 സ്ക്വയർഫീറ്റ് വിസ്തൃതിയുള്ള മേൽക്കൂര കോൺക്രീറ്റ് ചെയ്തതും തറ ടൈൽസ് പാകിയതുമായ മുറി, പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര (2 കുട്ടികൾക്കാവശ്യമുള്ളത്) ലൈറ്റ്, ഫാൻ, സ്റ്റഡിഡെസ്ക്, കസേരകൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ എന്നീ സൗകര്യങ്ങളുള്ള 'പഠനമുറി' ഒരുക്കാൻ 2,00,000/- രൂപ 4 ഗഡുക്കളായി നൽകാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) | ഇതിനുള്ള പ്രത്യേക അപേക്ഷ ഫാറം ഉണ്ടോ ; ആർക്കാണ് അപേക്ഷ നൽകേണ്ടത് ; | ബി) യും സി) യും | ഇക്കാര്യങ്ങളിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| സി) | ഓരോ ജില്ലയിലെയും ഇതിന്റെ നിർവ്വഹണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ